3097
9/2/18

കേരള സർക്കാർ

## സംഗ്രഹം

വനം വന്യജീവി വകുപ്പ്-കോന്നി റെയിഞ്ചിലെ കുമ്മണ്ണൂർ ഫോറസ്റ്റ് സ്റ്റേഷനിലെ 1942 ആദിച്ചൻപാറ തേക്ക് തോട്ടത്തിലെ അന്തിമവെട്ട് ജോലികളിലെ ക്രമക്കേട്-ശ്രീ.പി.ബാലകൃഷ്ണൻ നായർ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർക്കെതിരെയുള്ള അച്ചടക്കനടപടി തീർപ്പാക്കി-കുറ്റവിമുക്തനാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം.405/2017/വനം തീയതി, തിരുവനന്തപുരം, 26.10.2017.

പരാമർശം :- 1) 06.01.2014 ലെ 15795/എ 2/2012 നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും.

2) 05.06.2014 ൽ ശ്രീ.പി.ബാലകൃഷ്ണൻ നായർ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ സമർപ്പിച്ച പ്രതിവാദ പത്രിക.

3) 23.09.2015 ലെ സ.ഉ.(സാധാ) നം.433/2015/വനം ഉത്തരവ്.

4) 09.08.2017 ലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി2-16920/12 നമ്പർ കത്ത്.

## ഉത്തരവ്

കോന്നി റെയിഞ്ചിലെ കുമ്മണ്ണൂർ ഫോറസ്റ്റ് സ്റ്റേഷനിലെ 1942 ആദിച്ചൻപാറ തേക്ക് തോട്ടത്തിലെ അന്തിമവെട്ടിലൂടെ ശേഖരിച്ച തേക്കിൻ കഴകളിൽ 231 വിവിധ ക്ലാസ്സിൽപ്പെട്ട കഴകൾ ഡിപ്പോയിൽ എത്താതെ നഷ്ടപ്പെട്ടതുമൂലം സർക്കാരിന് 4,81,056/- രൂപയുടെ നഷ്ടം തിട്ടപ്പെടുത്തി. തുടർന്ന് ടി തേക്ക് തോട്ടത്തിലും ഡിപ്പോകളിലും നടത്തിയ വിശദമായ പരിശോധനയിൽ 14 തേക്ക് കഴകൾ കൂടി നഷ്ടപ്പെട്ടിട്ടുള്ളതായി കണ്ടെത്തുകയും ഇപ്രകാരം ആകെ 245 വിവിധ ക്ലാസ്സിൽപ്പെട്ട തേക്ക് കഴകൾ നഷ്ടപ്പെട്ടിട്ടുള്ളതിനാൽ സർക്കാരിലേയ്ക്ക് ആകെ 5,59,750/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുള്ളതായും കണക്കാക്കി. അതോടൊപ്പം മേൽ വിഷയത്തിലെ കുറ്റാരോപിതരിൽ ശ്രീ.പി.ബാലകൃഷ്ണൻ നായർ, ഫോറസ്റ്റ് റെയിഞ്ച് ഓഫീസർക്ക് സർക്കാർ തലത്തിൽ പരാമർശം (1) പ്രകാരം കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകി.

2. ടിയാനെതിരെയുള്ള ചാർജ്ജുകൾ ചുവടെ ചേർക്കുന്നു.

i) ആദിച്ചൻപാറ 1942 തേക്ക് തോട്ടത്തിലെ അന്തിമവെട്ട് ജോലികൾ

സമയാസമയങ്ങളിൽ പരിശോധിക്കുന്നതിലും, പോരായ്മകൾ കണ്ടെത്തി കീഴുദ്യോഗസ്ഥർക്ക് വേണ്ട നിർദ്ദേശം നൽകുന്നതിലും വീഴ്ച വരുത്തി.

ii) സ്റ്റോക്കിലെടുത്ത തടികളും കഴകളും യഥാസമയം പരിശോധിക്കുന്നതിൽ വീഴ്ച വരുത്തി.

iii) 2009 ൽ അന്തിമവെട്ട് ആരംഭിച്ച പ്ലാന്റേഷനിൽ മുഴുവൻ ജോലികളും പൂർത്തിയാക്കി തടികൾ നീക്കം ചെയ്യുന്നതിന് മുമ്പ് 2010 ൽ റീ പ്ലാന്റിംഗ് ജോലികൾ നടത്തി.

iv) ടി തോട്ടത്തിലെ രജിസ്റ്റർ ചെയ്ത കഴകൾ നഷ്ടപ്പെട്ടതുമൂലം ഉണ്ടായ 5,59,750/- രൂപയുടെ സർക്കാർ നഷ്ടത്തിന് ടിയാൻ ഉത്തരവാദിയാണ്

3. കുറ്റപത്രത്തിന് ശ്രീ.പി.ബാലകൃഷ്ണൻ നായർ പരാമർശം (2) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ അഭിപ്രായം ലഭ്യമാക്കിയ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, തോട്ടത്തിൽ നിന്നും സ്റ്റോക്കിലെടുത്ത തടികളും കഴകളും ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, റെയിഞ്ചാഫീസർ എന്നിവർക്കൊപ്പം ഡെപ്യൂട്ടി റെയിഞ്ചാഫീസറായിരുന്ന ശ്രീ.പി.ബാലകൃഷ്ണൻ നായർ കൂടി ചെക്ക്മെഷർ ചെയ്തിട്ടുള്ളതായി സമ്മതിച്ചിട്ടുണ്ടെന്ന് ബോധ്യമാകുന്നതാണ് എന്നും ഇക്കാര്യം കൂടി കണക്കിലെടുത്താൽ കുറ്റപത്രം കൈപ്പറ്റിക്കൊണ്ട് റെയിഞ്ചാഫീസർ ശ്രീ.പി.ബാലകൃഷ്ണൻ നായർ സമർപ്പിച്ച പ്രതിവാദ പത്രികയിലെ വാദഗതികൾ പരിഗണിക്കേണ്ടതില്ല എന്ന് അഭിപ്രായപ്പെട്ടു.

4. മറ്റ് കുറ്റാരോപിതരായ ശ്രീ.ആർ.മനോമോഹനകുമാർ, ഡെപ്യൂട്ടി റെയിഞ്ചർ, ശ്രീ.അജിത് കുമാർ, ഫോറസ്റ്റർ, ലോവർ ഡിവിഷൻ ക്ലാർക്കുമാരായ സർവ്വശ്രീ.പി.ഡി.മുരളീധരൻ, പി.അനിൽ എന്നിവർക്ക് കഠിന ശിക്ഷയുള്ള കുറ്റപത്രവും കുറ്റാരോപണ പത്രികയും ഡി & പി വിഭാഗം ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് നൽകി. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറായിരുന്ന ശ്രീ.പി.പുകഴേന്തി ഐ.എഫ്.എസിനെ അച്ചടക്ക നടപടിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

5. തുടർന്ന് ശ്രീ.പി.ബാലകൃഷ്ണൻ നായർക്ക് എതിരെയുള്ള അച്ചടക്ക നടപടിയിൽ ടിയാന്റെ നിരപരാധിത്വം തെളിയിക്കുന്നതിനും കൂടുതൽ തെളിവുകൾ ശേഖരിക്കുന്നതിനുമായി ചട്ടപ്രകാരമുള്ള ഔപചാരികാന്വേഷണം നടത്തുന്നതിന് പരാമർശം (3) പ്രകാരം ഉത്തരവാകുകയുണ്ടായി.

അന്വേഷണാധികാരി സമർപ്പിച്ചിട്ടുള്ള അന്വേഷണ റിപ്പോർട്ട് പ്രകാരം റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായ ശ്രീ.പി.ബാലകൃഷ്ണൻ നായർക്ക് എതിരായ 4

ചാർജ്ജുകളിൽ ഒന്നും തന്നെ തെളിയിക്കപ്പെട്ടിട്ടില്ല എന്ന് അന്വേഷണാധികാരി വ്യക്തമാക്കിയിരിക്കുന്നു. എന്നാൽ സ്റ്റേഷൻ ഇൻ-ചാർജ്ജ് എന്ന നിലയിൽ ടിയാന്റെ ഭാഗത്തു നിന്നും മേൽനോട്ടം വഹിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. അന്വേഷണത്തിൽ സർക്കാർ നഷ്ടവുമായി ബന്ധപ്പെട്ട ഒരു രേഖയിലും ടിയാന്റെ സാക്ഷ്യപ്പെടുത്തലോ പരിശോധനാ വിവരമോ ഇല്ലാത്തതിനാൽ സർക്കാർ നഷ്ടത്തിന് ടിയാൻ ഉത്തരവാദിയല്ല എന്നും തെളിഞ്ഞിട്ടുണ്ട്. അന്വേഷണാധികാരിയുടെ കണ്ടെത്തലുകൾ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർശം (4) പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

6. മേൽ സാഹചര്യത്തിൽ ശ്രീ.പി.ബാലകൃഷ്ണൻ നായർ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർക്ക് എതിരെയുള്ള 4 ചാർജ്ജുകളിൽ ഒന്നും തന്നെ തെളിയിക്കപ്പെട്ടിട്ടില്ല എന്നു അന്വേഷണാധികാരി വ്യക്തമാക്കിയിരിക്കുന്ന സാഹചര്യത്തിലും, തടിവെട്ട് ജോലി മൂലം സംഭവിച്ച സർക്കാർ നഷ്ടം 27.11.2011 ൽ തന്നെ കോന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ സർക്കാരിൽ അടച്ചതായി ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥൻ വ്യക്തമാക്കിയ സാഹചര്യത്തിലും, ശ്രീ.പി.ബാലകൃഷ്ണൻ നായർ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ 31.05.2016 ന് സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതും കണക്കിലെടുത്ത് ദയാപരമായ സമീപനം കൈക്കൊണ്ട് ടിയാനെതിരെ പരാമർശം (1) പ്രകാരം ആരംഭിച്ച അച്ചടക്ക നടപടി തീർപ്പാക്കി, കുറ്റവിമുക്തനാക്കി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജെയിംസ് വർഗ്ഗീസ്
അഡീഷണൽ ചീഫ് സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം)
ശ്രീ.പി.ബാലകൃഷ്ണൻ നായർ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (റിട്ട)
(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള തിരുവനന്തപുരം
പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ